"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ജോജി ജോണിനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - പ്രെസന്റിംഗ് ഓഫീസറെ മാറ്റി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt) No.155/2023/F&WLD തീയതി,തിരുവനന്തപുരം, 01-04-2023

പരാമർശം:-
1. 1. 31.12.2022-ലെ സ.ഉ.(സാധാ) 585/2022/വനം നമ്പർ ഉത്തരവ്.
2. 15.02.2023-ലെ ശ്രീ.ജി.അജികുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപേക്ഷ.
3. 21.03.2023 തീയതിയിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/4283/2021-Admin/B8 നമ്പർ കത്ത്.

**ഉത്തരവ്**

റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ ഇടുക്കി ജില്ലയിലെ മന്നാംകണ്ടം, ആനവിരട്ടി, വെള്ളത്തുവൽ, കൊന്നത്തടി എന്നീ വില്ലേജുകളിലെ പട്ടയ ഉടമകളെ തെറ്റിദ്ധരിപ്പിച്ച് പട്ടയ ഉടമകളുടെ ഭൂമിയിൽ നിന്നിരുന്ന രാജകീയ മരങ്ങൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾഡ് മരങ്ങൾ മുറിച്ച് കടത്തിയ സംഭവത്തിൽ ഉത്തരവാദിയായ ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിനായി അന്വേഷണാധികാരിയായി ശ്രീ.പി.കെ.ജയകുമാർ ശർമ്മ, ഐ.എഫ്.എസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റാന്നി-നെയും പ്രസന്റിംഗ് ഓഫീസറായി പമ്പ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജി.അജികുമാറിനെയും നിയമിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പമ്പ റെയിഞ്ചിലെ ശബരിമല സന്നിധാനം ഭാഗങ്ങളിൽ ബഹു ഹൈക്കോടതി നിയോഗിച്ചിട്ടുള്ള അഡ്വക്കേറ്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ജോയിന്റ് സർവ്വേ നടത്തി അതിരുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ നടന്നുവരികയാണെന്നും ടി സ്ഥലങ്ങളിൽ ബൗണ്ടറി പില്ലറുകളും ജണ്ടകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വളരെയേറെ പ്രാധാന്യവും ഉത്തരവാദിത്തവും ഉള്ളതായ ടി പ്രവർത്തികൾക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ടിയാന്റെ സാന്നിധ്യം അത്യാവശ്യമാണെന്നും കൂടാതെ മനുഷ്യ വന്യജീവി സംഘർഷം പമ്പ റെയിഞ്ചിന്റെ അധികാര പരിധിയിൽ രൂക്ഷമായതിനാൽ ടി വിഷയങ്ങളിലും സത്വര ഇടപെടലിന് ടിയാന്റെ സാന്നിധ്യം ആവശ്യമാണെന്നും മേൽ വിവരിച്ച

സാഹചര്യങ്ങളിൽ അന്വേഷണ അധികാരിയായ ബഹു: റാന്നി ഡി.എഫ്.ഒ നിർദ്ദേശിക്കുന്ന സമയത്തും സ്ഥലത്തും എത്തിച്ചേരാൻ പറ്റാതെ വരുന്ന അവസ്ഥയാണെന്നും ആയതിനാൽ പ്രെസന്റിംഗ് ഓഫീസർ സ്ഥാനത്ത് നിന്ന് ഒഴിവാക്കി ഉത്തരവാകണമെന്ന് ശ്രീ.ജി.അജികുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ടി കേസിൽ ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി ശ്രീ.പി.കെ.ജയകുമാർ ശർമ്മ, ഐ.എഫ്.എസ്, ഡിവിഷണൽ ഫോറസ്ററ് ഓഫീസർ, റാന്നി-നെ നിലനിർത്തിക്കൊണ്ടും പ്രസന്റിംഗ് ഓഫീസറായി റാന്നി റേഞ്ചിലെ ഗുഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീമണി.എസി-നെ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEETHA S LEKSHMI
UNDER SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.പി.കെ.ജയകുമാർ ശർമ്മ ഐ.എഫ്.എസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി
ശ്രീ.മണി.എസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഗുഡ്രിക്കൽ,റാന്നി
ശ്രീ.ജി.അജികുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പമ്പ
ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) കേരള, തിരുവനന്തപുരം
പൊതുജന വിവര/സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 01-04-2023 10:59:21
സെക്ഷൻ ഓഫീസർ